LIBRARY ARCHIVES Kerala Legislative Assembly

**കാലഹരണപ്പെട്ട നിയമങ്ങൾ**

134 (1864) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാലഹരണപ്പെട്ട 102 ആക്റ്റുകൾ റദ്ദാക്കുന്നതിനുള്ള 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. 14-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതോടുകൂടി പ്രസ്തുത ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം (5)-ാം ഖണ്ഡപ്രകാരം ലാപ്സായിട്ടുള്ളതാണ്. പ്രസ്തുത ബില്ലിൽ ഉൾപ്പെടുന്ന 102 ആക്റ്റുകളും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കാലഹരണപ്പെട്ട 15 ആക്റ്റുകളിൽ 3 എണ്ണം ഇതിനകം റദ്ദാക്കിയിട്ടുള്ളതിനാൽ ബാക്കിയുള്ള 12 ആക്റ്റുകളും ഉൾപ്പെടുത്തി കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നിയമനിർമ്മാണ വകുപ്പ് സ്വീകരിച്ചുവരികയാണ്. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള ശിപാർശകൾ ഉൾപ്പെടെ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുന്നതിലേയ്ക്കായി 9-3-2017-ലെ G.O.(MS) No.45/2017/ LAW നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ടി. തോമസ് അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(ബി) നിയമങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് നിയമ വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

നിയമങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനായി നിയമ വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ആക്ടുകളുടെയും ഓർഡിനൻസുകളുടെയും വാർഷിക വാല്യങ്ങൾ പ്രസിദ്ധീകരിക്കുക, സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിയമങ്ങളടങ്ങിയ ലിസ്റ്റ് ഓഫ് എനാക്ട്മെന്റ്സ് എന്ന പുസ്തകം പത്തു വർഷം കൂടുമ്പോൾ പ്രസിദ്ധീകരിക്കുക, അതത് വർഷം കേന്ദ്ര ഗവൺമെന്റ് നിയമങ്ങളുടെ പുനഃപ്രസിദ്ധീകരണം, കേരള കോഡ് തയ്യാറാക്കലും അവയുടെ കാലോചിതമായ പുതുക്കലും, സംസ്ഥാന നിയമങ്ങൾ പുനഃപ്രസിദ്ധീകരിക്കുക, കേന്ദ്ര നിയമങ്ങളുടെയും സംസ്ഥാന നിയമങ്ങളുടെയും ഫോൾഡർ വാല്യങ്ങളുടെ സൂക്ഷിപ്പും വിതരണവും എല്ലാ സംസ്ഥാന ആക്ടുകളുടെയും ഫോൾഡറുകൾ യഥാസമയം പുതുക്കലും സ്റ്റേറ്റ് ഗസറ്റ് കൈകാര്യം ചെയ്യലും നിയമാനുസൃതമായ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും വിജ്ഞാപനങ്ങളുടെയും സൂചിക തയ്യാറാക്കലും പ്രസിദ്ധീകരണവും.

(സി) ഇത്തരത്തിൽ ക്രോഡീകരിച്ച നിയമങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നിയമനിർമ്മാണ വകുപ്പുകൾ ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്ടുകളും ഓർഡിനൻസുകളും ഈ വകുപ്പിൽനിന്നും ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ അതതു വർഷം ഗവണ്മെന്റ് പ്രസ്സിൽനിന്നും പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ പത്തു വർഷം കൂടുമ്പോൾ സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിയമങ്ങളടങ്ങിയ ലിസ്റ്റ് ഓഫ് എനാക്ട്മെന്റ്സ്, കേരള കോഡ് എന്നീ പ്രസിദ്ധീകരണങ്ങളും, നിയമ നിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ നിശ്ചിത എണ്ണം ഗവൺമെന്റ് പ്രസ്സിൽ നിന്നും വിലനിശ്ചയിച്ച് ലഭ്യമാക്കാറുണ്ട്.

**നടപ്പിലാക്കാൻ കഴിയാത്ത നിയമങ്ങൾ**

135 (1865) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനിർമ്മാണം നടന്നിട്ടും ചട്ടങ്ങൾ രൂപീകരിക്കാത്തതിന്റെ പേരിൽ നടപ്പിലാക്കാൻ കഴിയാത്ത എത്ര നിയമങ്ങളുണ്ടെന്നും അത് ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

നിയമനിർമ്മാണം നടന്നിട്ട് ചട്ടങ്ങൾ രൂപീകരിക്കുന്നത് അതാത് ഭരണ വകുപ്പുകളാണ്. ഭരണവകുപ്പ് തയ്യാറാക്കുന്ന കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന നിയമവകുപ്പാണ് നിർവ്വഹിക്കുന്നത്. നിയമവകുപ്പിൽ ഒരു നിയമമാണ് ചട്ടങ്ങൾ രൂപീകരിക്കാതെയുള്ളത്. നിയമ (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതുമായി ബന്ധപ്പെട്ട 2016 - ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ്, (2016-ലെ 21-ാം ആക്റ്റ്) നിയമനിർമ്മാണം നടത്തിയിട്ടും ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത നിയമങ്ങൾ നടപ്പിലാക്കാൻ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതാത് ഭരണ വകുപ്പുകളാണ്. നിയമ (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതുമായി ബന്ധപ്പെട്ട 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റിൻകീഴിൽ (2016-ലെ 21-ാം ആക്റ്റ്) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly